**Institute of Human Resources Development**
*(Established by Government of Kerala)*
Prajo'e Towers, Vazhuthacaud P O, Thiruvananthapuram- 695 014. Kerala.
Ph: +91 471 2322985, +91 471 2322501 Fax: +91 471 2322035
web: www.ihrd.ac.in. mail: director@ihrd.ac.in

നമ്പർ: ഡിഎ2/16312/18/എച്ച്.ആർ.ഡി തീയതി: 21.03.2019

പ്രേഷിതൻ

ഡയറക്ടർ

സ്വീകർത്താവ്

എല്ലാ സ്ഥാപനമേധാവികൾക്കും

സർ,

വിഷയം: ഐ. എച്ച്. ആർ. ഡി - വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ നടന്ന വികസന പ്രവർത്തനങ്ങൾ - സംബന്ധിച്ച്.

സൂചന: ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയുടെ 13.03.2019- ലെ 67/19/PS/H.Edn നമ്പർ കുറിപ്പ്.

സൂചന പ്രകാരമുള്ള കുറിപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്നു. പ്രസ്തുത കുറിപ്പിൽ അതാതു സ്ഥാപനങ്ങളിലെ വികസന പ്രവർത്തനങ്ങളെ സംബന്ധിച്ച് കൂട്ടിച്ചേർക്കലുകളോ മാറ്റങ്ങളോ ആവശ്യമെങ്കിൽ ആയത് 27.03.2019- ന് മുൻപായി ഈ ഓഫീസ്സിൽ അയച്ചുതരേണ്ടതാണ്. മാറ്റങ്ങൾ ആവശ്യമില്ലെങ്കിൽ ആ വിവരവും നിർദ്ദിഷ്ട സമയത്തിനുള്ളിൽ അറിയിക്കേണ്ടതാണ്.

വിശ്വസ്തതയോടെ
ഒപ്പ്
ഡയറക്ടർ

പകർപ്പ്: എല്ലാ സെക്ഷൻ മേധാവികൾക്കും

അംഗീകാരത്തോടെ

സീനിയർ സൂപ്രണ്ട്

PR.21.03.2019

ഡോ. കെ. ഷെറഫുദ്ദീൻ
ഉന്നത വിദ്യാഭ്യാസ, ന്യൂനപക്ഷക്ഷേമ
വഖഫ് & ഹജ്ജ് തീർത്ഥാടന
വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
കേരളം

നാലാം നില
സെക്രട്ടേറിയറ്റ് അനക്സ് -1
തിരുവനന്തപുരം-695 001
ഫോൺ { ഓഫീസ് : 0471-2327796
0471-2518580
മൊബൈൽ : 9447420038 }

തീയതി 13.03.2019

നം. 67 /19/PS/H.Edn

## കുറിപ്പ്

സംസ്ഥാന വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളുടെ കഴിഞ്ഞ മൂന്നു വർഷത്തെ പ്രവർത്തനത്തെ സംബന്ധിച്ച വിശദമായ കുറിപ്പാണ് ഇതോടൊപ്പം അയക്കുന്നത്. ജനക്ഷേമകരമായ മികച്ച പ്രവർത്തനങ്ങളിലൂടെ എല്ലാ സ്ഥാപനങ്ങളും സർക്കാരിനൊപ്പം നിന്നു എന്നത് അഭിനന്ദനാർഹമായ വസ്തുതയാണ്. ശ്രദ്ധേയമായ നിരവധി മുന്നേറ്റങ്ങളും ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഈ കാലയളവിലുണ്ടായി. നിശ്ചിത സമയ പരിധിക്കുള്ളിൽ ഈ ഓഫീസിൽ വിവരങ്ങൾ ലഭിക്കാത്തത് കാരണം സംസ്ഥാന സർക്കാരിന് അഭിമാനമാകേണ്ട പല പ്രവർത്തനങ്ങളും ഈ റിപ്പോർട്ടിൽ ഉൾപ്പെടാതെ പോയിട്ടുണ്ട്. പൊതു പണം ചെലവാക്കി ഉന്നതവിദ്യാഭ്യാസരംഗത്ത് ഗുണമേന്മയും പ്രാപ്യതയും ലക്ഷ്യമിട്ട് സർക്കാരും ബന്ധപ്പെട്ട സ്ഥാപനങ്ങളും നടത്തുന്ന എല്ലാ പ്രവർത്തനങ്ങളും ജനങ്ങൾ യഥാസമയം അറിയേണ്ടത് അത്യാവശ്യമാണ്. പൊതു ലക്ഷ്യത്തോടെ പ്രവർത്തിക്കുന്നു എന്നതിനാൽ ഉന്നത വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള എല്ലാ സ്ഥാപനങ്ങളും പരസ്പര സഹകരണത്തോടെയും പരസ്പരപൂരകങ്ങളായും പ്രവർത്തിക്കണമെന്നാണ് സർക്കാർ ആഗ്രഹിക്കുന്നത്. വ്യത്യസ്ത മേഖലകളിൽ പ്രാവീണ്യമുള്ള സ്ഥാപനങ്ങൾ പരസ്പരം സഹകരിക്കുന്നത് പൊതുവായ ഗുണമേന്മാ വർധനവിന് ഇടയാക്കുകയും ചെയ്യും. ഈ റിപ്പോർട്ട് താങ്കളുടെ കീഴിലുള്ള ബന്ധപ്പെട്ട സ്ഥാപനങ്ങളിലും വകുപ്പുകളിലും വായിക്കപ്പെടുകയും അവരവരെ സംബന്ധിച്ച് കൂട്ടിച്ചേർക്കലുകളോ മാറ്റങ്ങളോ ആവശ്യമെങ്കിൽ ആയത് 30-03-2019 നു മുൻപായി hednmoffice@gmail.com എന്ന ഈമെയിൽ വിലാസത്തിൽ അറിയിക്കുകയും വേണം. ഈ റിപ്പോർട്ട് അതേപടി അംഗീകരിക്കാമെങ്കിൽ ആ വിവരവും ഇതേ ഇമെയിൽ വിലാസത്തിൽ അറിയിക്കേണ്ടതാണ്.

ഈ വിഷയത്തിൽ താങ്കളുടെ വ്യക്തിപരമായ ശ്രദ്ധ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു

കെ.ഷെറഫുദ്ദീൻ

To

എല്ലാ സർവ്വകലാശാല രജിസ്ട്രാർമാർക്കും
വകുപ്പ് തലമേധാവികൾ
ഉന്നതവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള
വിദ്യാഭ്യാസ സ്ഥാപനങ്ങൾ/ സ്ഥാപന മേധാവികൾ

Scanned by CamScanner

# കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ വകുപ്പ്

ഉന്നത വിദ്യാഭ്യാസ രംഗത്ത് ഗുണമേന്മ ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഇപ്പോഴത്തെ കേരള സർക്കാർ ഉന്നതവിദ്യാഭ്യാസത്തിനു മാത്രമായി ഒരു പ്രത്യേക മന്ത്രിയെ നിയോഗിക്കുന്നതിന് തീരുമാനമെടുത്തത്. സാമൂഹിക ജീവിതത്തെ സ്പർശിക്കുന്ന സമസ്ത മേഖലകളിലും കേരളത്തെ ഒന്നാമതെത്തിക്കണമെന്ന ദൃഢനിശ്ചയം പുലർത്തുന്ന ഒരു സർക്കാരിന്റെ സ്വാഭാവികമായ തിരുമാനമായിരുന്നു അത്. പ്രവർത്തനമാരംഭിച്ച് അഞ്ചുമാസം തികയുന്ന ഉന്നതവിദ്യാഭ്യാസവകുപ്പ് പക്വതയും ദിശാബോധവുമുള്ള പ്രവർത്തനങ്ങളിലൂടെ മുന്നോട്ടു കുതിക്കുകയാണ്. വിദ്യാഭ്യാസമാണ് വികസനത്തിന്റെയും സ്ഥിരതയുടേയും അടിസ്ഥാനമെന്ന തിരിച്ചറിവോടെ നമ്മുടെ സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ രംഗത്ത് ക്രിയാത്മകമായ മാറ്റങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് തുടക്കം കുറിച്ചിട്ടുണ്ട്. ദേശീയ-അന്തർദേശീയ പ്രാധാന്യമുള്ള ഏതാനും സർവകലാശാലകളും കോളേജുകളും സംസ്ഥാനത്തുണ്ടാവണം. അതിനു നല്ല അക്കാദമിക് കീഴ്‌വഴക്കങ്ങളുള്ള സ്ഥാപനങ്ങൾ ഉണ്ടാകണം. അധ്യാപന-അധ്യയന മേഖലകൾ ഉയർന്ന അക്കാദമിക് കീഴ്‌വഴക്കങ്ങളുടെ പേരിൽ അറിയപ്പെടുകയും അവയുടെ നിലനിൽപ്പിനായി ഒരുമയോടെ പ്രവർത്തിക്കുകയും ചെയ്യുന്ന അധ്യാപകർ ഉണ്ടാകണമെന്നുമുള്ള ലക്ഷ്യത്തോടെയാണ് ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രവർത്തിക്കുന്നത്.

ആദ്യഘട്ടമെന്ന നിലയിൽ ഉന്നതവിദ്യാഭ്യാസരംഗത്തെ നെടുംതൂണുകളായ സർവ്വകലാശാലകളുടെ ഭരണരംഗം ക്രമപ്പെടുത്തുന്നതിലും അടിസ്ഥാനസൗകര്യ വികസനത്തിലുമാണ് വകുപ്പ് ശ്രദ്ധയൂന്നിയത്.

ധനകാര്യവകുപ്പിന്റെ പിന്തുണയോടെ കഴിഞ്ഞ മൂന്നു ബജറ്റുകളിലായി 4788.25 കോടിയോളം രൂപ വിവിധ സർവ്വകലാശാലകൾക്കായി നീക്കി വെച്ചിരുന്നു. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് 2168.34 കോടി രൂപയും അനുവദിക്കുകയുണ്ടായി. ഇതിനു പുറമെ കോളേജ് വിദ്യാഭ്യാസ വകുപ്പ്, ഉന്നതവിദ്യാഭ്യാസരംഗത്തെ സർക്കാർ സ്ഥാപനങ്ങളായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സസ് ഡെവലപ്മെന്റ് (IHRD), ലാൽ ബഹാദൂർ ശാസ്ത്രി സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജി (LBSCST), സെന്റർ ഫോർ കണ്ടിന്യുയിങ് എഡ്യൂക്കേഷൻ-കേരള (CCEK) എന്നിവയുടെ വികസനത്തിനും സർക്കാർ പ്രത്യേക ശ്രദ്ധ നൽകി.

അക്കാദമിക രംഗത്തെ കൂടുതൽ ചലനാത്മകമാക്കുകയെന്ന ലക്ഷ്യത്തോടെ ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങളിൽ ഒരു അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് നാന്ദി കുറിച്ചു. സംസ്ഥാനത്തെ സർവ്വകലാശാലകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസസ്ഥാപനങ്ങൾ ഇപ്പോൾ മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിന്റെ വിവിധ ദശകളിലാണ്. ഇതോടൊപ്പംതന്നെ സർവ്വകലാശാലകളിൽ സിലബസ് പരിഷ്കരണം ആരംഭിച്ചിട്ടുണ്ട്.

## ഡിജിറ്റൽ യുഗത്തിലേക്ക്

കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എല്ലാ സർക്കാർ കോളേജുകളിലും ഓഫീസുകളിലും ഡിജിറ്റൽ ഫയലിംഗ് സംവിധാനം ഏർപ്പെടുത്തി. പ്രഗത്ഭരുടെ ക്ലാസുകൾ ലൈവ് ആയും റെക്കോർഡ് ചെയ്തും വകുപ്പിന് കീഴിലുള്ള എല്ലാ കോളേജുകളിലും ലഭ്യമാക്കി വരുന്നു. Beyond Syllabi, മലയാള സാഹിത്യയാത്ര, Winglish എന്നീ മൂന്നു പഠന പരമ്പരകളിലായി ഓൺലൈൻ ക്ലാസുകൾ നടന്നുവരുന്നു. എയ്ഡഡ് കോളേജ് ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് വിവരങ്ങളും ആനുകൂല്യങ്ങളും ഇപ്പോൾ ഓൺലൈൻ ആണ്. മഹാത്മാ ഗാന്ധി സർവ്വകാലാശാലയിലാകട്ടെ വിദ്യാർത്ഥി പ്രവേശനം, യോഗ്യതാ സർട്ടിഫിക്കറ്റ്, തുല്യതാ സർട്ടിഫിക്കറ്റ് തുടങ്ങി വിവിധ സർട്ടിഫിക്കറ്റുകളും മറ്റു അനുബന്ധ സേവനങ്ങളും ഓൺലൈനാക്കുകയും ഡിജിറ്റൽ ഫയൽ സംവിധാനങ്ങൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.സർക്കാർ മേഖലയിലെ എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സർവകലാശാലകളിലും ഇലക്ട്രോണിക് ഹാജർ സാംവിധാനം എന്ന ലക്ഷ്യം പൂർണ തയിലേക്കെത്തുന്നു. പതിനായിരക്കണക്കിനു വിജ്ഞാനകുതുകികളുടെ ആശ്രയമായ സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിൽ 1.10 കോടി ചെലവഴിച്ച് കമ്പ്യൂട്ടറുകളും ആധുനിക അനുബന്ധ ഉപകരണങ്ങളും സ്ഥാപിച്ചു.

കുസാറ്റിൽ നാഷണൽ ഡിജിറ്റൽ ലൈബ്രറിയുമായി സംയോജിപ്പിച്ചുകൊണ്ടുള്ള ഡിജിറ്റൽ ലൈബ്രറി സംവിധാനം ഏർപ്പെടുത്തി. എൻജിനീയറിംഗ് ഒഴികെയുള്ള പ്രൊഫഷനൽ കോഴ്സുകളിലേക്കുള്ള സംസ്ഥാനത്തെ പ്രവേശന പരീക്ഷകൾ ഈ വർഷം മുതൽ ഓൺലൈൻ ആകുന്നു. എൻജിനീയറിംഗിൽ അടുത്ത വർഷമായിരിക്കും നടപ്പാക്കുക.

## ബോധവൽക്കരണം, ശിൽപശാലകൾ

വിഷയാധിഷ്ഠിതമായ അനവധി ബോധവൽക്കരണ പരിപാടികളും ശിൽപശാലകലുമാണ് സർവകലാശാലകളും മറ്റ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും

ഈ കാലയളവിൽ നടത്തിയത്. ഈ വിഷയത്തിൽ തികച്ചും അക്കാദമികമായ സമീപനമാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ചില പ്രോഗ്രാമുകൾ പ്രത്യേകമായി എടുത്തുപറയേണ്ടതുണ്ട്. എം.ജി. സർവ്വകലാശാല സംഘടിപ്പിച്ച ആഗോളജൈവസംഗമം ഈ ഗണത്തിൽപ്പെടുന്നു. വ്യവസായം, ആരോഗ്യം, പരിസ്ഥിതി, ശാസ്ത്രം കാർഷിക സംസ്കൃതി എന്നീ വിജ്ഞാന മേഖലകളിൽ 7 പ്ലീനറി സെഷനുകളും 45 മുഖ്യപ്രഭാഷണങ്ങളും 91 പ്രബന്ധാവതരണങ്ങളും ഇതോടനുബന്ധിച്ച് നടക്കുകയുണ്ടായി. സംസ്ഥാന സർക്കാരും അസാപ്പും ചേർന്ന് കൊച്ചി സർവകലാശാലയിൽ സംഘടിപ്പിച്ച പ്രൊഫഷനൽ വിദ്യാർത്ഥി സംഗമം ഇത്തരത്തിൽ സംസ്ഥാനത്ത് ആദ്യത്തെതാണ്. പ്രൊഫഷണൽ മേഖലയിലെ തെരഞ്ഞെടുക്കപ്പെട്ട 1000 വിദ്യാർത്ഥികൾക്ക് അവരവരുടെ മേഖലകളിലെ അതി വിദഗ്ധരുമായി സംവദിക്കുന്നതിന് സംഗമം അവസരമൊരുക്കി.

## അംഗീകാരങ്ങൾ

മികവിന്റെ പാതയിലൂടെയുള്ള ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ പ്രയാണത്തിൽ അംഗീകാരങ്ങളുടെ ചില അടയാളപ്പെടുത്തലുകളും ഇക്കാലയളവിലുണ്ടായി. കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള 29 കോളേജുകൾക്ക് NAAC Accreditation ലഭിച്ചു. 2016 വർഷത്തിൽ ഉന്നത നിയമപഠനസ്ഥാപനമായ NUALS ന് UGCയുടെ 12 (B) പദവി ലഭിച്ചു. പത്തു സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലെയും IHRD യുടെ ഒരു എഞ്ചിനീയറിംഗ് കോളേജിലെയും വിവിധ പ്രോഗ്രാമുകൾക്ക് NBA Accreditation ലഭിച്ചു. ഏഷ്യയിലെ തന്നെ ഏറ്റവും നല്ല IEEE സ്റ്റുഡന്റ് ചാപ്റ്റർ ആയി IHRD യുടെ കരുനാഗപ്പള്ളി എഞ്ചിനീയറിംഗ് കോളേജിനെ തെരഞ്ഞെടുത്തതും 2018 ലാണ്.

സംസ്ഥാനത്തെ ഏറ്റവും മികച്ച സർവ്വകലാശാലക്ക് സംസ്ഥാന ഗവർണർ നൽകി വരുന്ന ചാൻസലേഴ്സ് അവാർഡിന് പുറമെ Emerging Young University Award കൂടി ഏർപ്പെടുത്തി. അസാപിന്റെ ജൂനിയർ കറസ്പോണ്ടന്റ് കോഴ്സ്, കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ട്രെയിനർ എന്നീ രണ്ട് കോഴ്സുകൾക്ക് ദേശീയ നൈപുണ്യയോഗ്യത ചട്ടക്കൂടിന്റെ G-ഫയൽ അംഗീകാരം ലഭിച്ചു.

## അടിസ്ഥാന സൗകര്യ വികസനങ്ങൾ

ഒരു സമത്വാധിഷ്ഠിത സമൂഹം കെട്ടിപ്പടുക്കുന്നതിനും പ്രാദേശിക സംസ്കാരങ്ങളെ ചൈതന്യവത്താക്കുന്നതിനും ഈ സർക്കാർ ലക്ഷ്യമിടുന്നു. പ്രാദേശിക വികസനങ്ങളിലും സാംസ്കാരികവിനിമയങ്ങളിലും ഓരോ പ്രദേശത്തേയും വിദ്യാഭ്യാസസ്ഥാപനങ്ങൾ ഉയർന്ന പങ്ക് വഹിക്കുന്നുണ്ട്. സംസ്ഥാനത്തൊട്ടാകെയും

പിന്നാക്ക മേഖലകളിൽ പ്രത്യേകിച്ചും കോടികളുടെ അടിസ്ഥാന സൗകര്യവികസനപദ്ധതികളാണ് ഈ കാലയളവിൽ പൂർത്തീകരിക്കപ്പെട്ടത്. റൂസ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ ആറു സർവകലാശാലകൾക്ക് 20 കോടി രൂപ വീതവും NAAC അക്രെഡിറ്റേഷനുള്ള 20 സർക്കാർ കോളേജുകൾക്ക് 2 കോടി രൂപ വീതവും അടിസ്ഥാന സൗകര്യ വികസനത്തിനായി അനുവദിച്ചു, മൂന്നാർ സർക്കാർ കലാലയം റൂസ മാതൃകാ കലാലയമാക്കി ഉയർത്താൻ 4 കോടി രൂപ അനുവദിച്ചു. 5 കോടി രൂപ ചെലവിൽ 32 സർക്കാർ കലാലയങ്ങളിൽ വനിതാ സൗഹൃദ കേന്ദ്രങ്ങൾ നിർമ്മിക്കുന്ന പദ്ധതി അവസാന ഘട്ടത്തിലാണ്. റൂസ രണ്ടാം ഘട്ടത്തിന്റെ ഭാഗമായി NAAC ഗ്രേഡ് 3.51-ൽ കൂടുതലുള്ള 5 സർക്കാർ എയ്ഡഡ് കലാലയങ്ങൾക്ക് 5 കോടി രൂപ വീതം നൽകുന്നതിന് അംഗീകാരമായി. സംസ്ഥാനത്തെ 115 കലാലയങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിനായി 2 കോടി രൂപ വീതം കൈമാറുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. പിന്നാക്ക ജില്ലയായ വയനാട് അനുവദിക്കപ്പെട്ട റൂസ മാതൃകാ ബിരുദ കോളേജ് പ്രവർത്തനമാരംഭിക്കുന്നതിനുള്ള നടപടികൾ അതിദ്രുതം പുരോഗമിച്ചു വരുന്നു. വിവിധ പദ്ധതികളിലായി റൂസ ഒന്നാം ഘട്ടത്തിൽ 143.8 കോടി രൂപയും റൂസ രണ്ടാം ഘട്ടത്തിൽ 111.75 കോടി രൂപയും അനുവദിക്കപ്പെട്ടിട്ടുണ്ട്. ഇതിൽ യഥാക്രമം 56.73 കോടിയും 44.70 കോടിയും സംസ്ഥാന സർക്കാർ വിഹിതമാണ്. കിഫ്ബിയിൽ ഉൾപ്പെടുത്തി കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള 5 പൈതൃക കോളേജുകൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. കൊച്ചി, മഹാത്മാഗാന്ധി, കണ്ണൂർ, കോഴിക്കോട് സർവകലാശാലകളിലെ ഗവേഷണ-വികസന പ്രവർത്തനങ്ങൾക്കായി കിഫ്ബി മുഖേന 672 കോടി രൂപ ലഭ്യമാക്കുന്നതിന് ഭരണാനുമതി നൽകി. കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലെ എല്ലാ സ്ഥാപനങ്ങളുടെയും ഉടമാവകാശരേഖകൾ സമാഹരിക്കുന്നതിനായി ഒരു പ്രോപ്പർട്ടി മാനേജ്മെന്റ് സെൽ രൂപീകരിച്ചു. സ്വന്തമായി കെട്ടിടമില്ലാത്ത എല്ലാ ഗവ. കോളേജുകൾക്കും സ്ഥലം വാങ്ങുന്നതിനും കെട്ടിടം നിർമ്മിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. കടുത്തുരുത്തി, പേരാവൂർ, കൊടുവള്ളി, കല്യാശേരി, തവനൂർ, തൃക്കരിപ്പൂർ, ദേവികുളം, തൃക്കാക്കര, കരുനാഗപ്പള്ളി, ഇരിഞ്ഞാലക്കുട, അടൂർ, ഇടുക്കി, മലമ്പുഴ, നെന്മാറ, തിരുവമ്പാടി, കോന്നി, കൂത്തുപറമ്പ്, കൊണ്ടോട്ടി, ചെങ്ങന്നൂർ, മാവേലിക്കര, എറണാകുളം, തിരുവല്ല, അടൂർ, പൂഞ്ഞാർ, കൊട്ടാരക്കര എന്നീ നിയോജകമണ്ഡലങ്ങളിൽ ഉൾപ്പെടുന്ന IHRD കോളേജുകളിൽ 19.47 കോടി രൂപ ചെലവിൽ അക്കാദമിക് ബ്ലോക്കുകളും അനുബന്ധ സൗകര്യങ്ങളും ഒരുക്കുന്നതിനുള്ള നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിച്ചു.

പൂഞ്ഞാർ, തൃക്കാക്കര, കുണ്ടറ, തൊടുപുഴ, കോഴിക്കോട്, അരൂർ, കൊണ്ടോട്ടി, കൊടുവള്ളി, തവനൂർ, കരുനാഗപ്പള്ളി, ഇരിങ്ങാലക്കുട, തരൂർ, പെരിന്തൽമണ്ണ, എറണാകുളം, വട്ടിയൂർക്കാവ്, കോന്നി മണ്ഡലങ്ങളിൽ ഉൾപ്പെടുന്ന കോളേജുകളിൽ 12.53 കോടി ചെലവിൽ നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. നേമം മണ്ഡലത്തിൽ ഉൾപ്പെടുന്ന LBSCST വനിതാ കോളേജിൽ 8.35 കോടി രൂപ ചെലവിൽ 230 പേർക്ക് താമസിക്കാവുന്ന ഹോസ്റ്റൽ, ഉദുമ മണ്ഡലത്തിലെ എഞ്ചിനീയറിംഗ് കോളേജിൽ പുതിയ അക്കാഡമിക് ബ്ലോക്ക്, 8.3 കോടി ചെലവിൽ ബഹുവിധ സൗകര്യങ്ങളോടുകൂടിയ ഇൻഡോർ ആഡിറ്റോറിയം എന്നിവയുടെ നിർമ്മാണം ആരംഭിച്ചു. പരപ്പനങ്ങാടിയിൽ LBSIIST (LBS Integrated Institute of Science & Technology) യ്ക്ക് വേണ്ടി 31.64 ഏക്കർ കണ്ടെത്തി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. കോട്ടയം ഗവ.പോളിടെക്നിക് കോളേജ്, കോഴിക്കോട് ഗവ. വനിതാ പോളിടെക്നിക് കോളേജ് എന്നിവിടങ്ങളിൽ പുതിയ അക്കാദമിക് ബ്ലോക്കുകൾ പണി പൂർത്തിയാക്കി.

NCC വകുപ്പിന് കീഴിൽ നിരവധി വികസന പദ്ധതികളാണ് വള്ളിക്കുന്ന്, എലത്തൂർ, പീരുമേട്, കഴക്കൂട്ടം, തൃശൂർ, മാനന്തവാടി മണ്ഡലങ്ങളിലായി പൂർത്തിയായി വരുന്നത്. മലബാർ മേഖലയിലെ നേവൽ കേഡറ്റുകൾക്കായി എലത്തൂർ മണ്ഡലത്തിൽ പരിശീലന കേന്ദ്രവും ബോട്ട് ഹൗസും നിർമ്മിക്കുന്നത് 4.25 കോടി ചെലവിട്ടാണ്. പെൺകുട്ടികളുടെ പരിശീലന സൗകര്യങ്ങൾ വർധിപ്പിക്കുന്നതിനായി വള്ളിക്കുന്ന് മണ്ഡലത്തിൽ അഞ്ചുകോടി ചെലവിട്ട് നിർമാണ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു.

## പുതിയ ചുവടുവെയ്പ്പുകൾ

ഈ സർക്കാർ നിലവിൽ വന്നശേഷമുള്ള കേരളത്തിന്റെ വിദ്യാഭ്യാസ ഭൂപടം പരിശോധിക്കുന്ന ഏതൊരാൾക്കും ഉന്നത വിദ്യാഭ്യാസ രംഗത്ത് സർക്കാരിന്റെ ഇടപെടലുകൾ എളുപ്പത്തിൽ മനസ്സിലാക്കാൻ കഴിയും. ഓരോ പ്രദേശത്തിന്റെയും വിദ്യാഭ്യാസ ആവശ്യങ്ങൾ കണ്ടറിഞ്ഞ് ഓരോ പൗരനും ഉന്നത വിദ്യാഭ്യാസ രംഗത്ത് പ്രാപ്യത എന്ന ഉയർന്ന ലക്ഷ്യവുമായി നിലകൊള്ളുന്ന പ്രതീക്ഷയുടെ തിരിനാളങ്ങളാണോരോന്നും. വൈപ്പിൻ, നിലമ്പൂർ, തൃശൂർ, തോലന്നൂർ, തരൂർ, പൂപ്പാറ എന്നിവിടങ്ങളിൽ സർക്കാർ ആർട്സ് & സയൻസ് കോളേജുകളും മുരുക്കുംവയൽ, തോന്നക്കൽ, നഗരൂർ, പാറശാല എന്നിവിടങ്ങളിൽ എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകളും ആരംഭിച്ചത് ഇക്കാലത്താണ്. കൊട്ടാരക്കര, കരുനാഗപ്പള്ളി, ചേർത്തല എന്നിവിടങ്ങളിൽ IHRD യുടെ കീഴിൽ അപ്ലൈഡ് സയൻസ് കോളേജുകൾ ആരംഭിക്കുന്നതിന് തീരുമാനമെടുത്തു. കലഞ്ഞൂർ,

മാവേലിക്കര, കുണ്ടറ എന്നിവിടങ്ങളിലെ IHRD യുടെ അപ്ലൈഡ് സയൻസ് കോളേജുകളിൽ പുതിയ പ്രോഗ്രാമുകൾ അനുവദിക്കപ്പെട്ടു. സംസ്ഥാനത്തു നിന്ന് സിവിൽ സർവ്വീസിലേക്ക് എത്തുന്നവരുടെ എണ്ണം ഇനിയും വർദ്ധിപ്പിക്കണമെന്ന ഉദ്ദേശത്തോടെ സ്ഥാപിക്കപ്പെട്ട സംസ്ഥാന സിവിൽ സർവ്വീസ് അക്കാഡമി തങ്ങളുടെ മേഖലാകേന്ദ്രങ്ങൾ കണ്ണൂരിലെ കല്യാശേരിയിലും കാസർക്കോട്ടെ കാഞ്ഞങ്ങാടും കൊല്ലം ജില്ലയിലെ ടികെ.എം. കോളേജ് കാമ്പസ്സിലും ആരംഭിച്ചു. പൊന്നാനിയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കരിയർ സ്റ്റഡീസ് & റിസർച്ച് സെന്ററിന്റെ ഒന്നാം നിലയും അക്കാദമിയുടെ തിരുവനന്തപുരത്തെ കേന്ദ്രത്തിന്റെ കെട്ടിടനിർമ്മാണം ഒന്നാംഘട്ടവും പൂർത്തിയാക്കി. കൊച്ചി സർവ്വകലാശാല School of Environment Studies നു കീഴിൽ Total Waste Treatment Technology Park സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചു. കുട്ടനാട്ടിലെ കാലാവസ്ഥ വ്യതിയാനത്തെകുറിച്ചുള്ള പഠനങ്ങൾക്കായി സ്കൂൾ ഓഫ് മറൈൻ സയൻസിന്റെയും NCAAH ന്റെയും നേതൃത്വത്തിൽ Centre for Wetland Studies സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നു വരുന്നു. പരപ്പനങ്ങാടിയിൽ മോഡൽ അപ്ലൈഡ് സയൻസ് ഡിഗ്രി കോളേജ് പ്രവർത്തനമാരംഭിച്ചത് LBSCST യുടെ കീഴിലാണ്.

എം.ജി. സർവ്വകലാശാല ജർമ്മനിയിലെ University of Kassel-മായി സഹകരിച്ച് ഓർഗാനിക് സർട്ടിഫിക്കേഷനിൽ ഡിപ്ലോമ കോഴ്സ് നടത്തുന്നതിന് തീരുമാനിച്ചത് സർവ്വകലാശാലകൾ നടത്തുന്ന പുതിയ ചുവടുവെയ്പുകൾക്ക് മികച്ച ഉദാഹരണമായിട്ടാണ് സർക്കാർ കാണുന്നത്. 38 പുതിയ ബിരുദ-ബിരുദാനന്തര പ്രോഗ്രാമുകൾക്കാണ് ഈ കാലയളവിൽ എം. ജി. യൂണിവേഴ്സിറ്റി അംഗീകാരം നൽകിയത്. തുടർപഠനരംഗത്ത് LBSCST നടത്തിയ ശ്രദ്ധേയമായ നീക്കമാണ് IT, IT അനുബന്ധകോഴ്സുകൾ NSQF മായി കണ്ണി ചേർക്കുന്നതിനുള്ള തീരുമാനം. യൂണിവേഴ്സിറ്റികളിലും സമാനമായ രീതിയിൽ പുതിയ ബിരുദ പ്രോഗ്രാമുകൾ ആരംഭിച്ചിട്ടുണ്ട്.

അന്താരാഷ്ട്ര നിലവാരത്തിലുള്ള തൊഴിൽ പരിശീലനം സമൂഹത്തിലെ എല്ലാ വിഭാഗങ്ങളിലേക്കും എത്തിക്കുന്നതിനായി അത്യാധുനിക സജ്ജീകരണങ്ങളുള്ള 17 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ സംസ്ഥാനത്ത് വിവിധ ജില്ലകളിലായി അസാപിന്റെ നേതൃത്വത്തിൽ നിർമ്മിച്ചു വരുന്നു. കൊല്ലം ജില്ലയിലെ കുളക്കടയിലും, എറണാകുളം ജില്ലയിലെ പെരുമ്പാവൂരും പുതിയ കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ പ്രവർത്തനമാരംഭിച്ചു. പാലക്കാട് ചാത്തന്നൂർ, ലക്കിടി എന്നിവിടങ്ങളിൽ പാർക്കുകൾ ഉടൻ നിലവിൽവരും. പതിനേഴിൽ ഒൻപതെണ്ണമാണ് ഒന്നാം ഘട്ടത്തിൽ

പ്രവർത്തനമാരംഭിക്കുക. പൊതു-സ്വകാര്യ പങ്കാളിത്തവ്യവസ്ഥയിൽ പ്രവർത്തിക്കുന്ന പാർക്കുകളിൽ ദേശീയ-അന്താരാഷ്ട്ര പ്രാധാന്യമുള്ള നൈപുണ്യ വികസന കോഴ്സുകളാണ് നടത്തപ്പെടുക.

സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് മേഖലയിലും സ്വയംഭരണ/സ്വാശ്രയ മേഖലയിലും പ്രവർത്തിക്കുന്ന കോളേജുകളെയും ഇതര ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെയും വിലയിരുത്തുന്നതിനുള്ള സമിതിയായ Kerala State Assessment & Accreditation Council (KSAAC) ഉന്നതവിദ്യാഭ്യാസ കൗൺസിലിനു കീഴിൽ പ്രാഥമിക പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു.

എൻ.സി.സി. വകുപ്പിന് കീഴിൽ പീരുമേട് നിയോജക മണ്ഡലത്തിൽ പത്തു കോടി ചെലവിൽ നിർമാണം നടന്നു വരുന്ന എയർ വിങ് എൻ.സി.സി. യുടെ എയർ സ്ട്രിപ്പ് ഇത്തരത്തിൽ സംസ്ഥാനത്ത് ആദ്യത്തേതാണ്. ആയിരം കേഡറ്റുകളെ ഇവിടെ പരിശീലിപ്പിക്കാൻ കഴിയും.

## അധ്യാപക-അനധ്യാപക നിയമനങ്ങൾ, പഠന റിപ്പോർട്ടുകൾ

വിവിധ സർക്കാർ ആർട്സ് & സയൻസ് കോളേജുകളിലായി 703 അധ്യാപകരെയും 436 അനധ്യാപകരെയും നിയമിച്ചു. സർക്കാർ എൻജിനീയറിങ് കോളേജുകളിലും പോളിടെക്നിക് കോളേജുകളിലുമായി 497 അധ്യാപക തസ്തികകളാണ് സൃഷ്ടിക്കപ്പെട്ടത്. 2009 ലെ UGC ചട്ടങ്ങൾക്കനുസൃതമായി അധ്യാപകരുടെ Placement Special Rules ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. എയ്ഡഡ് കോളേജുകളിൽ അനധ്യാപക വിഭാഗം സ്റ്റാഫ് പാറ്റേൺ പൂർത്തിയായതിനാൽ പുതിയ തസ്തികകളിലേക്ക് നിയമനങ്ങളും പ്രമോഷനുകളും അംഗീകരിച്ചു നൽകുകയുണ്ടായി. വിവിധ സർവകലാശാലകളിലായി കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖേന 1913 അസിസ്റ്റൻറ് നിയമനങ്ങളും 665 കംപ്യൂട്ടർ അസിസ്റ്റൻറ് നിയമനങ്ങളും ഈ കാലയളവിൽ നടന്നിട്ടുണ്ട്.

കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസ രംഗത്തിന് വ്യക്തമായ ദിശാബോധം നൽകുന്നതിന് ഉദ്ദേശിച്ച് സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ പുനർരൂപീകരിച്ചു. സർവ്വകലാശാല ബിരുദങ്ങളുടെ തുല്യതയും അംഗീകാരവും സംബന്ധിച്ച മാർഗ നിർദ്ദേശങ്ങൾ രൂപീകരിക്കുന്നതിന് ഡോ. രാജൻ ഗുരുക്കൾ കമ്മിറ്റി തയ്യാറാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് പരക്കെ സ്വാഗതം ചെയ്യപ്പെടുകയുണ്ടായി. സംസ്ഥാനത്ത് ഓപ്പൺ സർവ്വകലാശാല സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് നിയോഗിക്കപ്പെട്ട സമിതി തയ്യാറാക്കിയ റിപ്പോർട്ട് അംഗീകരിച്ച് തുടർ നടപടികൾ ആരംഭിച്ചു കഴിഞ്ഞു. വിവിധ വിജ്ഞാന

മേഖലകളുടെ സഹവർത്തിത്വവും സമ്മേളനവും സാധ്യമാക്കുന്ന ഇന്റർ ഡിസിപ്ലിനറി സമീപനം പ്രത്സാഹിപ്പിക്കുന്നതിനായി സംസ്ഥാനത്തെ സർവ്വകലാശാലകളിലെ ഇന്റർ യൂണിവേഴ്സിറ്റി സെന്ററുകളുടെ പ്രവർത്തനം ശക്തമാക്കാനുള്ള നടപടി സ്വീകരിച്ചു. സംസ്ഥാനത്തെ സ്വാശ്രയമേഖലയുടെ പ്രശ്നങ്ങൾ പഠിക്കുന്നതിന് ഈ സർക്കാർ നിയോഗിച്ച റിട്ട. ജസ്റ്റിസ് കെ.കെ. ദിനേശൻ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. അതനുസരിച്ചുള്ള തുടർ തീരുമാനങ്ങൾ ഉടനേ ഉണ്ടാകുന്നതാണ്.

കമ്പ്യൂട്ടർവൽക്കരണത്തിന്റെ ഭാഗമായും ഭരണപരിഷ്കാരങ്ങളുടെ ഒഴുക്ക് വർദ്ധിപ്പിക്കുന്നതിനുമായി സർവകലാശാലകളിൽ ഡിജിറ്റൽ ഫയൽ പ്രോസസിങ് സംവിധാനം വ്യാപിപ്പിക്കുകയും കൂടുതൽ കാര്യക്ഷമമായ അക്കൗണ്ടിങ്ങ് രീതി എന്ന നിലക്ക് കമ്പ്യൂട്ടർ അധിഷ്ഠിത ഡബിൾ എൻട്രി രീതിയിലേക്ക് ചുവടുമാറുകയും ചെയ്തു. കൊച്ചി സർവകലാശാലയിൽ ശമ്പള വിവരങ്ങൾക്കായുള്ള ഇലക്ട്രോണിക് രീതി (Electronic Payroll), ഇലക്ട്രോണിക് സേവന പുസ്തകം, പരീക്ഷാ പോർട്ടൽ എന്നിവ തയ്യാറാക്കി വരുന്നു. അഡ്മിനിസ്ട്രേറ്റീവ് ഓഡിറ്റ് നടത്തുന്നതിനു വേണ്ട നടപടികൾ ആരംഭിച്ചു. സാങ്കേതിക സർവ്വകലാശാലയിലെ ബോർഡ് ഓഫ് ഗവർണർസ്, സിൻഡിക്കേറ്റ് എന്നിവ ജനാധിപത്യ രീതിയിൽ പുന:സംഘടിപ്പിക്കുകയും അക്കാദമിക് കൗൺസിൽ രൂപീകരിക്കുകയും ചെയ്തു.

## ഗുണനിലവാര വർധന

ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഗുണനിലവാര പരിശോധനയ്ക്കും ഗുണനിലവാര വർദ്ധനയ്ക്കുമുള്ള നടപടികൾ സ്വീകരിച്ചു. കൊച്ചി സർവ്വകലാശാല ഇതിനോടകം തന്നെ സമഗ്രമായ അക്കാദമിക് ഓഡിറ്റ് പൂർത്തിയാക്കുകയും വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രഗത്ഭരായ വിദേശ ശാസ്ത്രജ്ഞരേയും വിദ്യാഭ്യാസ വിദഗ്ദരേയും സർവ്വകലാശാലയിലേക്ക് ആകർഷിക്കുന്നതിനുള്ള ചാൻസലേഴ്സ് ചെയർ, മിടുക്കരായ യുവ അധ്യാപകർക്കും ഗവേഷകർക്കും അവാർഡുകൾ, അന്തർ വൈജ്ഞാനിക മേഖലകളിലെ ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിന് ആരംഭിച്ച അഞ്ച് വിർച്ച്വൽ സെന്ററുകൾ എന്നിവ ഇക്കാലയളവിൽ സർവ്വകലാശാലയിലുണ്ടായ നൂതന സംരംഭങ്ങളാണ്. അടുത്ത അധ്യയന വർഷം മുതൽ സംസ്ഥാനത്തെ എല്ലാ സർവകലാശാലകളിലെയും പ്രവേശനം, പരീക്ഷാ നടത്തിപ്പ്, ഫലപ്രഖ്യാപനം എന്നിവ ഏകീകരിക്കും. ബിരുദ പരീക്ഷകളുടെ ഫലം ഏപ്രിൽ 30നു മുൻപും ബിരുദാനന്തര പരീക്ഷകളുടെത് മേയ് 30ന് മുൻപും പ്രഖ്യാപിക്കണമെന്ന് സർവകലാശാലകൾക്ക് നിർദേശം നൽകി.

മഹാത്മാഗാന്ധി, കോഴിക്കോട്,കണ്ണൂർ സർവകലാശാലകൾ മികവിൻറെ കേന്ദ്രങ്ങളാക്കുന്നത് ലക്ഷ്യമിട്ട് കിഫ്ബിയിൽ ഉൾപ്പെടുത്തി 432.72 കോടി അനുവദിച്ചു. അധ്യാപനരീതികളിലെ മികവു വർധനയെന്ന ലക്ഷ്യവുമായി സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ആയിരം കോളേജ് അധ്യാപർക്ക് പരിശീലനം നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ഉന്നത വിദ്യാഭ്യാസ രംഗം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് കോഴിക്കോട്, കോട്ടയം മേഖലാ കേന്ദ്രങ്ങളിലും, കോളജ് വിദ്യാഭ്യാസ വകുപ്പ് കൊല്ലം, കോട്ടയം, എറണാകുളം എന്നീ ഡെപ്യൂട്ടി ഡയറക്ടർ കാര്യാലയങ്ങളിലും, എംജി, കൊച്ചി, കേരള സർവകലാശാലകളിലും ഫയൽഅദാലത്തുകൾ സംഘടിപ്പിച്ചു. എല്ലായിടങ്ങളിലും സമർപ്പിക്കപ്പെട്ട പരാതികളിൽ 70 % ൽ അധികം തീർപ്പു കല്പിക്കപ്പെട്ടു. കാലിക്കറ്റ് സർവകലാശാല അദാലത്ത് ഈ മാസം തന്നെ നടക്കുന്നുണ്ട്.

## സാമൂഹിക പ്രതിബദ്ധത, തൊഴിലവസരങ്ങൾ

വിജ്ഞാന നിർമിതിയുടെ പ്രഭവകേന്ദ്രവും വിജ്ഞാനത്തിന്റെ ആത്യന്തിക ഗുണഭോക്താവും സമൂഹം തന്നെയാണ്. വളരെ ചലനാത്മകവും മാറി മാറി വരുന്ന ആവശ്യങ്ങളുടെ നൈരന്തര്യ സ്വഭാവം കൊണ്ട് സാമൂഹിക ശാസ്ത്രജ്ഞരെ അമ്പരിപ്പിക്കുകയും ചെയ്യുന്ന കേരള ജനതയെ അതിന്റെ ഇടതുപക്ഷ മനസ്സ് ഈ സർക്കാരിനോട് ചേർത്തു നിർത്തുന്നു. ഉന്നത വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള ഏതാണ്ടെല്ലാ സ്ഥാപനങ്ങളും സമൂഹത്തിന്റെ നാഡിമിടിപ്പറിയുന്നതിൽ, സർക്കാരിന്റെ നയങ്ങൾ തിരിച്ച് ജനങ്ങളിലേക്കെത്തിക്കുന്നത്തിൽ ഒക്കെത്തന്നെയും നിസ്തുലമായ പങ്ക് വഹിച്ചുവരുന്നു. പ്രളയകാലത്തും പ്രളയാനന്തരകാലത്തും സംസ്ഥാന NSS വോളണ്ടിയർമാർ കേരളത്തിനു നൽകിയ സേവനം എല്ലാവരാലും അംഗീകരിക്കപ്പെട്ടിട്ടുണ്ട്. സർക്കാർ ആതുരാലയങ്ങളിലെ കേടായ ഉപകരണങ്ങൾക്ക് പുനർജന്മം നല്കിയ പുനർജനി പദ്ധതി, വീടുവീടാന്തരം കയറിയിറങ്ങിയിട്ടുള്ള ശുചീകരണ പ്രവർത്തനങ്ങൾ, ആരോഗ്യ ബോധവൽക്കരണ പരിപാടികൾ, ഇലക്ട്രിക് - ഇലക്ട്രോണിക് ഉപകരണങ്ങളുടെ കേടുതീർക്കൽ ഇവയിലൊക്കെ കേരളത്തിലെ സർവ്വകലാശാലകൾ, കലാലയങ്ങൾ, ടെക്നിക്കൽ, IHRD, VHSE വിഭാഗങ്ങളിലെ വോളണ്ടിയർമാർ സർക്കാരിനും സമൂഹത്തിനും കൈത്താങ്ങായി പ്രവർത്തിച്ചു. സാമൂഹിക സമത്വമെന്ന ആശയത്തിലൂന്നിക്കൊണ്ട് കേരള സിവിൽ സർവ്വീസ് അക്കാദമി 297 പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ബന്ധപ്പെട്ട വകുപ്പുകളുടെ സഹായത്തോടെ സൗജന്യ സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനം നൽകി വരുന്നു. 2019-20 അധ്യയന വർഷം മുതൽ സംസ്ഥാനത്തെ മുഴുവൻ എൻജിനീയറിംഗ് കോളേജുകളിലും 5% സീറ്റുകളിൽ പഠനം സൗജന്യമാണ്. ഉന്നതവിദ്യാഭ്യാസ രംഗത്ത്

സാമൂഹ്യ നീതി ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ സർവകലാശാലകളിലെ എം.ഫിൽ, പി.എച്.ഡി പ്രവേശനത്തിൽ സംവരണം ഏർപ്പെടുത്തുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. കാൻസർ ഗവേഷണവുമായി ബന്ധപ്പെട്ട് IHRD യുടെ കരുനാഗപ്പള്ളി എൻജിനീയറിങ് കോളേജും തിരുവനന്തപുരം ആർ.സി.സി. യുമായി കൈകോർത്ത് 3 ഗവേഷണ പദ്ധതികൾ പുരോഗമിക്കുന്നു. ഇന്ത്യയിലെ തന്നെ ആദ്യത്തെ Socio Academic പദ്ധതിയായി വിശേഷിപ്പിക്കപ്പെടുന്ന പ്രബുദ്ധത എന്ന പരിപാടി സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ആരംഭിച്ചത് 2018 ലാണ്. സമൂഹവും അക്കാദമിക രംഗവും തമ്മിൽ പരസ്പര ബഹുമാനവും സഹവർത്തിത്വവും ആശയവിനിമയവും സാധ്യമാക്കുന്ന പ്രസ്തുത പദ്ധതിയുടെ പ്രഥമ മാതൃക തിരുവനന്തപുരം ജില്ലയിലെ കരകുളം പഞ്ചായത്തിൽ നടന്നു വരുന്നു. തൊഴിൽ നൈപുണികൾ വികസിപ്പിക്കുന്ന വിഷയത്തിൽ ഉന്നത – പൊതു വിദ്യാഭ്യാസ വകുപ്പുകളുടെ സംയുക്ത സംരംഭമായ അസാപ് വളരെ മികച്ച രീതിയിൽ പ്രവർത്തിക്കുന്നു. വിദ്യാർത്ഥികൾക്ക് തൊഴിൽ വൈദഗ്ധ്യം ആർജ്ജിക്കുന്നതിന് ഉതകുന്ന വിവിധ പരിശീലന പദ്ധതികളും, ദേശീയ നൈപുണ്യയോഗ്യത ചട്ടക്കൂട് അനുസരിച്ച് തയ്യാറാക്കിയിട്ടുള്ള തൊഴിൽ നൈപുണ്യ പരിശീലനവും തൊഴിലിടങ്ങളിലെ ഇന്റേൺഷിപ്പ് പരിശീലനവും സംയോജിപ്പിച്ചുള്ള പരിശീലന ക്രമമാണ് അസാപ് നടപ്പിലാക്കി വരുന്നത്. കഴിഞ്ഞ രണ്ടര വർഷക്കാലം അസാപ് പദ്ധതിയുടെ കീഴിൽ ആകെ 1,12,322 കുട്ടികൾക്ക് 82 ഇനങ്ങളിലായി നൈപുണ്യ പരിശീലനം നൽകി. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിനു കീഴിലുള്ള സ്ഥാപനങ്ങളും IHRD യുമൊക്കെ തൊഴിൽ നിപുണരായ പതിനായിരക്കണക്കിന് യുവജനങ്ങളെയാണ് പ്രതിവർഷം സൃഷ്ടിച്ചുവരുന്നത്.

*******